(എ) ആദിവാസി മേഖലയിൽ വിദ്യാഭ്യാസം ഫലപ്രദമാക്കുന്നതിനുള്ള ഏതെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. ഡി.പി.ഇ.പി. ജില്ലകളിൽ ആദിവാസി മേഖലകളിൽ ഇതിനായി ട്രൈബൽ വോളണ്ടിയർമാർ പ്രവർത്തിച്ചുവരുന്നു. കൂടാതെ കൊഴിഞ്ഞുപോയ കുട്ടികളെ തിരികെ കൊണ്ടുവരാനും, സ്കൂളിൽ ചേരാത്ത കുട്ടികളെ പഠിപ്പിക്കുന്നതിനുമായി മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

35 (450) മിനിമം പെൻഷൻ നൽകാൻ നടപടി

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഗവണ്മെന്റ് മോഡൽ ഹൈസ്കൂളിൽ ഹൈസ്കൂൾ അദ്ധ്യാപികയായിരുന്ന ശ്രീമതി ഖദീജാബീവിക്ക് മിനിമം പെൻഷൻ നൽകണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള ഹർജി ലഭിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ പരാതിയെ സംബന്ധിച്ച ഗവണ്മെന്റിന്റെ 37428/ആർ.1/99 ജി.ഇ.ഡി.ന്റെ തീയതി 7.10.99 ലെ കത്തിൽ ആവശ്യപ്പെട്ട റിപ്പോർട്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും സർക്കാരിനു ലഭിച്ചിട്ടുണ്ടോ? എങ്കിൽ അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇവരുടെ ഡ്യൂട്ടിയിൽ ഇല്ലാത്ത കാലയളവ് റഗുലറൈസ് ചെയ്ത് ഇവർക്ക് മിനിമം പെൻഷന് അർഹതയുണ്ടെന്ന ധനകാര്യവകുപ്പിലെ 5.6.95-ലെ 69655/പി.ഡബ്ല്യൂ/ഡി.ബി2/94/എഫ്.ഐ.എൻ. അറിയിച്ചിട്ടുള്ളതിനാൽ റഗുലറൈസ് ചെയ്ത് മിനിമം പെൻഷൻ എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

36 (451) ഡി.പി.ഇ.പി. ഫണ്ട് ഉപയോഗിച്ച് യാത്ര

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. ഫണ്ട് ഉപയോഗിച്ച് ആരെങ്കിലും യാത്ര നടത്തിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളും സ്ഥാപനങ്ങളുമാണ് ഇവർ സന്ദർശിച്ചത്;

(സി) എത്ര വിഭിന്ന നിലവാര പഠനകേന്ദ്രങ്ങൾ ഇവർ സന്ദർശിച്ചു;

(ഡി) ഇവരുടെ സന്ദർശനം മൂലം ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇവർ ഓരോരുത്തർക്കും വേണ്ടി എന്തു തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡി.പി.ഇ.പി. പദ്ധതി നിർവഹണ ഉദ്യോഗസ്ഥർ യാത്ര നടത്തിയിട്ടുണ്ട്.

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട ഔദ്യോഗിക യാത്രകളാണ് നടത്തിയിട്ടുള്ളത്.

(സി) 34 ഭിന്നതല പഠനകേന്ദ്രങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

(ഡി) ഇൻസ്ട്രക്ടർമാർക്ക് തൽസമയ സഹായം നൽകുന്നതിനും പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനും വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ഇവരുടെ സന്ദർശനം മൂലം സാധ്യമായിട്ടുണ്ട്.

(ഇ) ഈ സാമ്പത്തിക വർഷം മൊത്തം പദ്ധതി നടത്തിപ്പിനായി ടി.എ. ഇനത്തിൽ 29,91,993 /- രൂപ ചെലവഴിച്ചിട്ടുണ്ട്.

37 (452) എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയ രൂപാ രാജൻ എന്ന വിദ്യാർത്ഥിനിയുടെ റാങ്കിൽ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ അതെപ്രകാരം സംഭവിച്ചു എന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത കുട്ടിയുടെ ഏതെല്ലാം ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം നടത്തി;

(ഡി) ഈ മൂല്യനിർണ്ണയത്തിൽ എത്രമാർക്ക് കൂടുതൽ കിട്ടി;

(ഇ) അതിന് തൊട്ടുമുമ്പുള്ള വർഷത്തിലും റാങ്കിംഗിൽ മാറ്റം വന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) മേലിൽ ഇപ്രകാരം സംഭവിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുമാരി രൂപാരാജന്റെ ഹിസ്റ്ററി ആന്റ് സിവിക്സിന്റെ ഉത്തരപേപ്പർ മൂല്യനിർണ്ണയം നടത്തിയ അദ്ധ്യാപിക ആകെ ലഭിച്ച മാർക്ക് കൂട്ടി ഉത്തരപേപ്പറിലും മാർക്കുഷീറ്റിലും എഴുതിയതിൽ വന്ന പിശകുമൂലമാണ് ഇപ്രകാരം സംഭവിക്കാൻ ഇടയായത്.

(സി) കുട്ടിയുടെ എല്ലാ(12) ഉത്തരപേപ്പറുകളും പുനർമൂല്യനിർണ്ണയം നടത്തി.

LIBRARY ARCHIVES Kerala Legislative Assembly